# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 6377 — 08.07.2014-ലെ മറുപടിക്ക്

## തടവുകാർക്ക് ഒത്താശ ചെയ്തുകൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) ജയിലുകളിൽ തടവുകാർക്ക് ഒത്താശ ചെയ്ത് കൊടുക്കുന്ന ജയിൽ ഉദ്യോഗസ്ഥരെ കണ്ടെത്തുവാൻ ജയിൽ ഡി.ജി.പി. നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നടപടി വകുപ്പുമന്ത്രി അറിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. നിയമവിരുദ്ധവും അനധികൃതവുമായ കാര്യങ്ങൾ ജയിലുകളിൽ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കർശന നിർദ്ദേശം നല്കിക്കൊണ്ട് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർദ്ദേശം നല്കുന്നതിന് മന്ത്രിയുടെ അനുവാദം ആവശ്യമില്ല. |
| (ബി) പ്രസ്തുത നടപടി ഏതെല്ലാം ജയിലുകളിൽ നടന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ എല്ലാ ജയിലുകൾക്കും പ്രസ്തുത സർക്കുലർ ബാധകമാണ്. |
| (സി) മേൽ നടപടി ഭരണാനുകൂല ജീവനക്കാർ എതിർപക്ഷക്കാർക്കെതിരെ വ്യക്തിവിരോധം തീർക്കുന്നതിന് ഉപയോഗപ്പെടുത്താൻ ശ്രമിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) 2014 ജനുവരി 26-ന് തലശ്ശേരി സബ് ജയിലിൽ ഇപ്രകാരമുള്ള ശ്രമം നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ